LIBRARY ARCHIVES Kerala Legislative Assembly

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് അദ്ധ്യാപകർ

**219 (4888)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത് സ്കൂളുകളിലെ അദ്ധ്യയനത്തിന് തടസ്സങ്ങളുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ കാലാവധി പൂർത്തിയാവുന്നതുവരെ അവധി എടുക്കണമെന്ന നിബന്ധന വയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ/കോളേജ് അദ്ധ്യാപകരായ അംഗങ്ങളിൽ അദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമേ അവരുടെ അംഗത്വ കാലാവധി മുഴുവനും ദീർഘകാലാവധിയിൽ പ്രവേശിച്ചിരിക്കണമെന്ന നിബന്ധനയുള്ളു. എന്നാൽ, അംഗങ്ങളായ അദ്ധ്യാപകർക്ക് ഈ വ്യവസ്ഥ ബാധകമല്ല. നിബന്ധന പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശമോ, ശുപാർശയോ നിലവിൽ പരിഗണനയിലില്ല.

## സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ നടപടി

**220 (4889)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തുന്നവർക്ക് വഴിയറിയാൻ സഹായകരമാകും വിധം സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എവിടെയൊക്കെയാണ് ഇത്തരം സൂചനാബോർഡുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായുള്ള ചെലവുകൾ എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?